# പേരിന്റെ പേരിലെ പോര്

എം. എൻ. കാരശ്ശേരി



പേരിന്റെ പേരിലെ പോര്

എം. എൻ. കാരശ്ശേരി
(മലയാളം: ഹാസ്യലേഖനം)

© 2023, M. N. Karassery

The electronic versions have been created by making use of the production infrastructure of River Valley Technologies.


The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Cover of “Le Petit Journal”, a painting by Unknown author. The image is taken from Wikimedia Commons and is gratefully acknowledged.


**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# പേരിന്റെ പേരിലെ പോര്



ചന്ദ്രശേഖര്

പ്രധാനമന്ത്രി ചന്ദ്രശേഖറിന്റെ ജന്മഗ്രാമമായ 'ഇബ്രാഹിംപട്ടി' യുടെ പേര് കേട്ടപ്പോൾ തമാശ തോന്നി. അങ്ങനെയും ഒരു പട്ടിയോ? തമിഴ്നാട്ടിൽ പോലീസ്നായ എന്ന് പ്രയോഗിക്കാൻ പാടില്ല. അത് പോലീസിനെ നിന്ദിക്കലാണത്രെ. അതുകൊണ്ട് തമിഴ്നാട്ടിലെ പ്രയോഗം പോലീസിന്റെ നായ എന്നാണ്. ഇക്കൂട്ടത്തിൽ പണ്ട് മുസ്ലിം വർഗ്ഗീയവാദികൾ അബ്ദുൽക്കലാം ആസാദിനെ 'ഗാന്ധിയുടെ പട്ടി' എന്നു വിളിക്കാറുണ്ടായിരുന്നതും ഓർത്തുപോയി.



അബ്ദുൽക്കലാം ആസാദ്

ചന്ദ്രശേഖർ പ്രധാനമന്ത്രിയായതോടെ ഇബ്രാഹിംപട്ടി എന്ന് സ്ഥലപ്പേര് വാർത്തകളിൽ തുടരെത്തുടരെ പ്രത്യക്ഷപ്പെടുകയായി. അപ്പോൾ എനിക്കൊരു ബേജാറ് തോന്നിയിരുന്നു. ഇനി ഈ സ്ഥലപ്പേര് സ്വന്തം പ്രവാചകന്റെ പൂർവ്വികനായ ഇബ്രാഹിം നബിയെ അപമാനിക്കുന്നു എന്നും പറഞ്ഞ് മുസ്ലിം പക്ഷപാതികൾ ലഹളയ്ക്കൊരുങ്ങുമോ?

ഇപ്പോൾ കേൾക്കുന്ന സ്ഥലപ്പേര് ബരാഹംപെട്ട് എന്നാണത്രേ. നാട്ടുകാർ ഭോജ്പൂരി കലർന്ന ഹിന്ദിയിൽ വിളിച്ചപ്പോൾ അത് ഇബ്രഹിംപട്ടി ആയതാണുപോൽ. കൂട്ടത്തിൽ നാട്ടുകാരുടെ ഒരു ഗവേഷണവും—ഈ ബരാഹം സാക്ഷാൽ വരാഹാവതാരവുമായി ബന്ധപ്പെട്ടതാണ്. വരാഹം അവതരിച്ചത് ഉത്തർപ്രദേശിലെ ഈ ഗ്രാമത്തിലെവിടെയോ ആയിരുന്നുവെന്നു നാട്ടുകാർക്ക് പക്ഷമുണ്ടത്രേ.

അതായത് വരാഹജന്മഭൂമി പിടികിട്ടിയിരിക്കുന്നു!

ഇതങ്ങനെ വിട്ടുകൊടുക്കാൻ നമുക്ക് കേരളീയർക്കു പറ്റില്ല. തിരുവനന്തപുരം നഗരത്തിൽ തന്നെ നമുക്ക് ശ്രീവരാഹം ഉണ്ട്. വരാഹം പന്നിയാണല്ലോ പന്നിയൂര്, പന്നിക്കോട് തുടങ്ങി കേരളത്തിലെ എത്രയോ സ്ഥലനാമങ്ങളിൽ വരാഹാവതാരത്തിന്റെ മുദ്ര തെളിഞ്ഞുകിടപ്പുണ്ട്. അതൊക്കെ വടക്കേ ഇന്ത്യക്കാർ അവഗണിച്ചേക്കും—'തിളയ്ക്കണം ചോര നമുക്ക് ഞരമ്പുകളിൽ.'

ഭഗവാന്റെ മറ്റു ചില അവതാരങ്ങളുടെ കാര്യത്തിലും നമുക്ക് ഇത്തരം അവകാശവാദങ്ങൾ ഉന്നയിക്കാവുന്നതാണ്: മീൻചന്ത, ആമയൂര് തുടങ്ങിയ ദേശനാമങ്ങളിൽ മത്സ്യാവതാരവും കൂർമ്മാവതാരവും സൂചിതമായിക്കിടക്കുന്നില്ലേ? ബാലരാമപുരം എന്ന് തിരുവനന്തപുരത്തിനടുത്ത് സ്ഥലമില്ലേ? എന്തിന്, ഈ കേരളഭൂമിയുടെ അപരനാമം തന്നെ പരശുരാമക്ഷേത്രം എന്നല്ലയോ.

ഓ, ഈ പേരിലൊക്കെ എന്തിരിക്കുന്നു എന്ന് ചിലർക്ക് തോന്നിയേക്കാം. ആ തോന്നൽ അത്ര ശരിയല്ല എന്നാണ് ചരിത്രം. പണ്ട് ജനം സിന്നാ എന്ന് പേരുള്ള ഒരു സെനറ്ററെയും തിരഞ്ഞുപോയി. ഒരു സിന്നാ അവരുടെ കൈയിൽപെട്ടു. അദ്ദേഹം ഒരു പാവം കവിയായിരുന്നു. സെനറ്ററായിരുന്നില്ല. ജനം വിടുമോ? വിടാൻ പാടുണ്ടോ അവർ വിധിച്ചു. "എങ്കിൽ ആ പേരിന്റെ പേരിൽ അവനെ വധിക്കുക." ഇതാണ് സ്ഥിതി. ഇതൊക്കെ പഴയ കഥകളാണ് എന്ന് വിചാരിക്കേണ്ട. കുറച്ച് മുമ്പ് ബാംഗ്ലൂരിലെ ഡെക്കാൻ ഹെറാൾഡ് എന്നു പേരായ ഇംഗ്ലീഷ് പത്രം "മൂഢനായ മുഹമ്മദ്" (മുഹമ്മദ് ദി ഇഡിയറ്റ്) എന്ന തലക്കെട്ടിൽ ഒരു ചെറുകഥ പ്രസിദ്ധീകരിച്ചപ്പോൾ നിരവധി പേർക്ക് ജീവഹാനി വരുത്തികൊണ്ട് വർഗ്ഗീയ ലഹള പൊട്ടിപ്പുറപ്പെട്ടത് ഓർമ്മയില്ലേ? പ്രവാചകന്റെ പേരായിരുന്നു പ്രശ്നം. ആ കഥയിലെ വ്യഭിചാരിണിയുടെ പേര് 'സീത' എന്നായിരുന്നു. അതാരും ശ്രദ്ധച്ചില്ല. ഇനി ശ്രദ്ധിച്ചിരുന്നെങ്കിൽ മറുപക്ഷം നേരത്തെ വാളെടുക്കുമായിരുന്നോ?

ഏതായാലും പേരാണ് കാര്യം. നമ്മുടെ നാട്ടിൽ നടക്കുന്ന വർഗ്ഗീയ ലഹളകളിൽ ആളുകൾ കൊലയേൽക്കുന്നതും പരിക്കുളേറ്റു വാങ്ങുന്നതും അവരുടെ പെരുമാറ്റത്തിന്റെയോ ഏതെങ്കിലും പ്രവർത്തനത്തിന്റേയോ പേരിലല്ല, മറിച്ച് സ്വന്തം പേരിന്റെ പേരിലാകുന്നു.

അപ്പോൾ രമേശൻ മുജീബിനെ കൊല്ലുന്നത് അയാൾ ഭീകരപ്രവർത്തകനാണോ, വർഗ്ഗീയവാദിയാണോ, രാഷ്ട്രീയക്കാരനാണോ, വിശ്വാസിയാണോ എന്നൊന്നും നോക്കിയല്ല. ആ പേരുകാരനാണ് എന്ന ഒറ്റക്കാര്യംകൊണ്ടാണ്. ഇതേ മട്ടിൽ തന്നെയാണ് മുജീബ് രമേശനെ കൊല്ലുന്നതും.

വർഗ്ഗീയലഹളകളുടെ ലക്ഷ്യം അന്യവിഭാഗത്തിന്റെ എണ്ണം കുറയ്ക്കുക എന്നതാണ്. ആ എണ്ണം തീരുമാനിക്കുന്നത് പേര് എണ്ണിയിട്ടുമാണ്.

നമ്മുടെ ഇപ്പോഴത്തെ മിക്ക പോരിന്റെയും അടിവേര് പേരാകുന്നു. ചില പേരുകാരെ നശിപ്പിക്കാൻ, ചില പേരുകൾ മാറ്റാൻ, ചിലർക്ക് പേര് കിട്ടാൻ...

അയോദ്ധ്യയിൽ തന്നെ വിഷയം ഒരു പേരല്ലയോ?

അതുകൊണ്ട് നമ്മുടെ സ്ഥലനാമഗവേഷണം ഒന്നുകൂടി ഉഷാറാക്കേണ്ട കാലം ഇതാ സമാഗതമായിരിക്കുന്നു. പ്രധാനമന്ത്രിയുടെ ജന്മഗ്രാമമായ 'ഇബ്രാഹിംപട്ടി' യിൽ നിന്ന് അതാരാംഭിക്കാം. അതൊരു നല്ല തുടക്കമായിരിക്കും. ദേശചരിത്രത്തേക്കാളധികം നമ്മുടെ ആവശ്യങ്ങൾക്കു ഉപയോഗിക്കാൻ പറ്റിയ സാധനം ദേശനാമചരിത്രം ആണെന്ന വസ്തുത കണ്ടെത്തുവാൻ ഇനി വൈകിക്കൂടാ.

എന്തിന്റെ പേരിലായാലും നമുക്കു തമ്മിൽത്തല്ലിയാൽ മതിയല്ലോ. ആ പേര് മറ്റവല്ലവർക്കും കൊടുത്തു എന്നൊരു പേരുദോഷം കേൾപ്പിക്കാതിരുന്നാൽ മതിയല്ലോ.

കേരളകൗമുദി: 22 നവംബർ 1990.

□

## എം. എൻ. കാരശ്ശേരി



മുഴുവൻ പേര്: മുഹ്യുദ്ദീൻ നടുക്കണ്ടിയിൽ. കോഴിക്കോട് ജില്ലയിലെ കാരശ്ശേരി എന്ന ഗ്രാമത്തിൽ 1951 ജൂലായ് 2-ന് ജനിച്ചു. പിതാവ്: പരേതനായ എൻ. സി. മുഹമ്മദ് ഹാജി. മാതാവ്: കെ. സി. ആയിശക്കുട്ടി. കാരശ്ശേരി ഹിദായത്തുസ്സിബിയാൻ മദ്രസ്സ, ഐ. ഐ. എ. യു. പി. സ്കൂൾ, ചേന്ദമംഗല്ലൂർ ഹൈസ്കൂൾ, കോഴിക്കോട് ഗുരുവായൂരപ്പൻ കോളേജ്, കാലിക്കറ്റ് സർവ്വകലാശാലാ മലയാളവിഭാഗം എന്നിവിടങ്ങളിൽ പഠിച്ചു. സോഷ്യോളജി-മലയാളം ബി. എ., മലയാളം എം. എ., മലയാളം എം. ഫിൽ. പരീക്ഷകൾ പാസ്സായി. 1993-ൽ കാലിക്കറ്റ് സർവ്വകലാശാലയിൽ നിന്ന് ഡോക്ടറേറ്റ്. 1976–78 കാലത്ത് കോഴിക്കോട്ട് മാതൃഭൂമിയിൽ സഹപത്രാധിപരായിരുന്നു. പിന്നെ അധ്യാപകനായി. കോഴിക്കോട് ഗവ. ആർട്സ് ആന്റ് സയൻസ് കോളേജ്, കോടഞ്ചേരി ഗവ. കോളേജ്, കോഴിക്കോട് ഗവ: ഈവനിങ്ങ് കോളേജ് എന്നിവിടങ്ങളിൽ ജോലി നോക്കി. 1986-മുതൽ കാലിക്കറ്റ് സർവ്വകലാശാലാ മലയാളവിഭാഗത്തിൽ.

പുസ്തകങ്ങൾ: പുലിക്കോട്ടിൽകൃതികൾ (1979), വിശകലനം (1981), തിരുമൊഴികൾ (1981), മുല്ലാനാസറുദ്ദീന്റെ പൊടിക്കൈകൾ (1982), മക്കയിലേക്കുള്ള പാത (1983), ഹുസ്നുൽ ജമാൽ (1987), കുറിമാനം (1987), തിരുവരുൾ (1988), നവതാളം (1991), ആലോചന (1995), ഒന്നിന്റെ ദർശനം (1996), കാഴ്ചവട്ടം (1997) തുടങ്ങി എൺപതിലേറെ കൃതികൾ.

ഭാര്യ: വി. പി. ഖദീജ, മക്കൾ: നിശ, ആഷ്ലി, മുഹമ്മദ് ഹാരിസ്.

## പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണു് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളതു്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നതു്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണു് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നതു്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണു്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണു് ഇവയിൽ ഏറ്റവും മുന്തിയതു്. അതുകൊണ്ടു് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണു്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണു്. അയയ്ക്കേണ്ട വിലാസം: <editors@sayahna.org>.
- പ്രതികരണങ്ങൾ <editors@sayahna.org> എന്ന ഇമെയിലിലിലേയ്ക്കോ, ഈ വെബ് പേജിൽ കമ്മന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണു്. അവ സായാഹ്നപ്രവർത്തകർക്കു് കൂടുതൽ ഉത്തേജനം നൽകുന്നതാണു്.